പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2277**
മറുപടിക്ക്

ഡഢ 26.3.2013-ൽ

## <u>ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| **(എ)** ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ പക്കൽ ആകെ എത്ര ഭൂമിയാണ് ഉള്ളതെന്ന് അറിയിക്കാമോ; | **(എ)** നിലവിൽ ഈ കമ്പനിയുടെ ഉടമസ്ഥതയിൽ ഏലൂർ, കടുങ്ങല്ലൂർ എന്നീ വില്ലേജുകളിലായി 104 ഏക്കർ 44 സെൻറ് 328 സ്ക്വയർ ലിംഗ്സ് ഭൂമിയുണ്ട്. |
| **(ബി)** ഇതിൽ നിന്നും റിലയൻസ് എനർജി ഗ്രൂപ്പിന് ഭൂമി പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും എങ്കിൽ എത്ര ഭൂമിയാണ് നൽകുവാൻ തീരുമാനിച്ചതെന്നും ആരാണ് തീരുമാനം എടുത്തതെന്നും അറിയിക്കാമോ; | **(ബി)** മുകളിൽ സൂചിപ്പിച്ചിരുക്കുന്ന സ്ഥലത്തിൽ നിന്ന് 20 ഏക്കർ സ്ഥലം BSES Kerala Power Limited- ന് സർക്കാർ തീരുമാനപ്രകാരം 15 വർഷത്തേക്ക് പാട്ടത്തിന് നൽകിയിരുന്നു. പാട്ടകാലാവധി തീർന്നതിനുശേഷം കാലാവധി പുതുക്കി നൽകിയിട്ടില്ല. |
| **(സി)** എന്ത് ആവശ്യത്തിനാണ് ഭൂമി നൽകിയതെന്ന് അറിയിക്കാമോ; | **(സി)** വൈദ്യുതി പ്ലാൻറ് നിർമ്മിക്കുന്നതിനു വേണ്ടിയാണ് സ്ഥലം നൽകിയിരുന്നത്. |
| **(ഡി)** നിയമപരമായി പ്രസ്തുത ഭൂമി വ്യവസായ വകുപ്പിൽ നിക്ഷിപ്തമാണോ എന്നും ഭൂമി നൽകുവാനുള്ള തീരുമാനം നിയമപരമായി നിലനിൽക്കുന്നതാണോ എന്നും അറിയിക്കാമോ? | **(ഡി)** ഈ സ്ഥലം കമ്പനിയുടെ ഉടമസ്ഥതയിലാണ്. ഈ കമ്പനിയുടെ 79% ഓഹരി സർക്കാരിൻേറതാണ്. |

Ajithab

സെക്ഷൻ ഓഫീസർ

2/